## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4496**    **04-02-2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺ തോടിന്റെ ഇരുവശങ്ങളിലുമായുള്ള കൈയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയേജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോടിന്റെ ഇരുവശങ്ങളിലുമായിട്ടുള്ള കൈയ്യേറ്റം സംബന്ധിച്ച് റവന്യു വകുപ്പ് സർവ്വേ നടത്തിയതിൽ എത്ര വിസ്തൃതിയിൽ ഭൂമി കൈയ്യേറ്റം വെളിപ്പെട്ടിട്ടുണ്ട്; | (എ) പുലമൺ തോടിന്റെ ഇരുവശങ്ങളിലുമായി 49.37 ആർ ഭൂമി കയ്യേറ്റം നാളിതുവരെ തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കൈയ്യേറ്റ ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;<br>(സി) കൈയ്യേറ്റക്കാർക്ക് എതിരെ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) & (സി) പ്രസ്തുത പുറമ്പോക്ക് ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പുലമൺ തോട് കടന്നു പോകുന്ന കൊട്ടാരക്കര നഗരസഭ, കുളക്കാട്, മൈലം, മേലില എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും കൊട്ടാരക്കര നഗരസഭ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**